നം.കെഎസ്എ.കെടിഎം.പി.15/1866/2018 തീയതി : 29.10.2018

# കോട്ടയം ജില്ലയിലെ മാടപ്പള്ളി ബ്ലോക്ക്പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

കോട്ടയം ജില്ലയിലെ മാടപ്പള്ളി ബ്ലോക്ക്പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2017 മുതൽ 13.08.2018 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 3 ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ 12.9.2018-ൽ നടന്ന ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമുണ്ടായിരിക്കുന്നതല്ല.

## (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സുരേഷ് രാജു ഡി., സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 14.8.2018 & 16.08.2018<br>05.09.18 മുതൽ 07.09.18 വരെ & 12.09.18 | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ നടരാജൻ പി. ബി. | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |
| | ശ്രീമതി സുനിത എം.എസ് | അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി ദർശന വി. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി സ്മിത റ്റി. | സീനിയർ ഗ്രേഡ് ഓഡിറ്റർ |

## (ബി) നിർവഹണാധികാരികൾ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| പ്രസിഡൻറ് | ശ്രീമതി അച്ചാമ്മ മാത്യു | 01.04.2017 മുതൽ 31.03.2018 വരെ |
| ചെയർപേഴ്സൺ (ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി) | ശ്രീ.സജി കെ.ജോർജ്ജ് | 01.04.2017 മുതൽ 31.03.2018 വരെ |
| ചെയർപേഴ്സൺ (വികസനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി) | ശ്രീമതി ലൈസാമ്മ ജോർജ്ജ് | 01.04.2017 മുതൽ 31.03.2018 വരെ |
| ചെയർപേഴ്സൺ (ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി) | ശ്രീ.അലക്സാണ്ടർ പ്രാക്കുഴി | 01.04.2017 മുതൽ 31.03.2018 വരെ |

| | | |
|---|---|---|
| ചെയർപേഴ്സൺ (ആരോഗ്യവും വിദ്യാഭ്യാസവും സ്റ്റാന്റിങ്ങ് കമ്മിറ്റി) | ശ്രീമതി മണിയമ്മ രാജപ്പൻ | 01.04.2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ശ്രീ.അനീസ് ജി | 01.04.2017 മുതൽ 31.03.2018 വരെ |

(സി) മറ്റ് നിർവഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| സി.ഡി.പി.ഒ | ശ്രീമതി ജെസ്സി മാമ്മൻ | 01.04.2017 മുതൽ 31.03.2018 വരെ |
| എ.ഇ.ഇ | ശ്രീ.വിജയൻ റ്റി.ജി | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ | ഡോ. ഓമന.കെ.കെ | 01.04.2017 മുതൽ 31.03.2018 വരെ |
| ഡി.ഇ.ഒ | ശ്രീ.പി.എ.മാത്യു | 01.04.2017 മുതൽ 31.03.2018 വരെ |
| എ.ഡി.(അഗ്രി) | ശ്രീമതി എ.വസന്ത | 01.04.2017 മുതൽ 31.03.2018 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ എസ്. പ്രകാശ് | 01.04.2017 മുതൽ 31.03.2018 വരെ |
| എസ്.സി.ഡി.ഒ | ശ്രീ.പ്രേംകുമാർ | 01.04.2017 മുതൽ 31.03.2018 വരെ |

ഉള്ളടക്കം


| ഖണ്ഡിക നമ്പർ | വിഷയം |
|---|---|
| ഭാഗം 1 പൊതു അവലോകനം | |
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം |
| 1-7 | ആഭ്യന്തരനിയന്ത്രണം |
| 1-8 | മറ്റ് ഓഡിററുകൾ നടത്തിയതിന്റെ വിവരം |
| 1-9 | വാർഷിക കണക്കുകളുടെ അവലോകനം |
| ഭാഗം 2 വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 2-1 | സാംഖ്യ രസീതുകൾ ക്രമത്തിൽ ഉപയോഗിക്കുന്നില്ല |

| | |
|---|---|
| 2-2 | ഇ-ടെണ്ടർ ഫീ ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് മാറ്റിയിട്ടില്ല |
| 2-3 | വിനിമയമില്ലാതെ അവശേഷിക്കുന്ന അക്കൗണ്ടുകൾ ക്ലോസ് ചെയ്യാതെ നിലനിൽക്കുന്നു |
| ഭാഗം 3 – ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 3-1 | ആവശ്യാധിഷ്ഠിതമല്ലാതെ ഗ്രാമ,ജില്ലാ പഞ്ചായത്തുകളിൽ നിന്നും ബ്ലോക്ക്പഞ്ചായത്തിലേക്ക് തുകകൾ കൈമാറുന്നു – IAY അക്കൗണ്ടിൽ ഭീമമായ തുക അവശേഷിക്കുന്നു |
| 3-2 | പാടശേഖരസമിതികൾക്ക് പെട്ടി, പറ, മോട്ടോർ നൽകൽ പദ്ധതി – മാർഗ്ഗരേഖയ്ക്കനുസൃതമായും പൂർണ്ണമായും നടപ്പാക്കിയിട്ടില്ല |
| 3-3 | പാലിനു സബ്സിഡി നൽകൽ – ചെലവഴിച്ചതിന്റെ ബാക്കി തുക തിരിച്ചടച്ചില്ല |
| 3-4 | മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ – ആവശ്യ രേഖകൾ ഹാജരാക്കിയിട്ടില്ല |
| 3-5 | മരാമത്ത് പ്രവൃത്തികൾ – പദ്ധതി രൂപീകരണത്തിലെയും നിർവ്വഹണത്തിലെയും അപാകതകൾ |
| 3-6 | ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല |
| 3-7 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല – ചെലവ് തടസ്സപ്പെടുത്തുന്നു |
| ഭാഗം 4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് |
| 4-8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം |

| | |
|---|---|
| 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| അനുബന്ധം 1 | ഓഡിറ്റ് സാക്ഷ്യപത്രം 2017-18 |
| അനുബന്ധം 2 | ബാലൻസ് ഷീറ്റ് - 31.03.2018 തീയതിയിൽ |
| അനുബന്ധം 3 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് 2017-18 |
| അനുബന്ധം 4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് 2017-187 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

മാടപ്പള്ളി ബ്ളോക്ക് പഞ്ചായത്തിന്റെ 2017-18 വർഷത്തെ ബജറ്റ് 28.3.17 തീയതിയിലെ 1 -ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവുചെലവു കണക്കുകൾ ചുവടെ ചേർക്കുന്നു.

| | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം കൂടുതൽ/ കുറവ് |
|---|---|---|---|
| മുന്നിരിപ്പ് | 10151200 | 43742455 | 33591255 + |
| വരവ് | 144539157 | 44183268 | 100355889 - |
| ആകെ | 154690357 | 87925723 | 66764634 - |
| ചെലവ് | 148658347 | 49677615 | 98980732 - |
| നീക്കിയിരുപ്പ് | 6032010 | 38248108 | 32216098 + |

ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ള വരവുചെലവു കണക്കുകളും തമ്മിൽ വലിയ അന്തരമുണ്ട്. കേരള പഞ്ചായത്ത് രാജ് സെക്ഷൻ 214ലെ വ്യവസ്ഥകൾക്ക് വിധേയമായി യാഥാർത്ഥ്യബോധത്തോടുകൂടി ബജറ്റ് തയ്യാറാക്കേണ്ടതാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 317.2018 | 30.7.18 | - | - |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|

| | | |
|---|---|---|
| 2017-18 | 14.08.18 | റിപ്പോർട്ട് ഇതോടൊപ്പം ഉൾപ്പെടുത്തിയിരിക്കുന്നു |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 43742455 |
| വരവ് | 44183268 |
| ആകെ | 87925723 |
| ചെലവ് | 49677615 |
| നീക്കിയിരിപ്പ് | 38248108 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | അലോട്ട്മെന്റ് വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 29453841 | 29453841 | 20889615 | 26564226 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 10789000 | 10789000 | 9148516 | 1640484 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 332000 | 332000 | 40000 | 292000 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 3754000 | 3754000 | 2611360 | 1142640 |

(ACRപ്രകാരമുള്ള ചെലവ് ഐ.കെ.എം. പത്രിക പ്രകാരമുള്ള ചെലവുമായി പൊരുത്തപ്പെടുന്നില്ല. ക്യൂ ലിസ്റ്റിൽ ഉൾപ്പെട്ട ബില്ലുകളുടെ തുക ഐ.കെ.എം. പത്രികയിൽ ഉൾപ്പെട്ടതാണ് വ്യത്യാസത്തിന് കാരണം)

## 1-6 പദ്ധതി അവലോകനം

മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതിക്ക് താഴെ പ്രതിപാദിക്കും പ്രകാരം ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്.

അംഗീകാര നം./തീയതി. 490/17/DPC/DPO/KTM തീയതി 31.05.2017

ആകെ അടങ്കൽ – 5784207/- രൂപ

പദ്ധതികളുടെ എണ്ണം - 87 (സ്പിൽ ഓവർ-22, പുതിയത് – 65)

വിവിധ മേഖലകളിലെ വകയിരുത്തലും ചെലവുവിവരവും ചുവടെ ചേർക്കുന്നു.

| ക്രമനം. | മേഖല | അംഗീകാരം ലഭിച്ചത് | നടപ്പിലാക്കിയ പദ്ധതികൾ | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|---|
| 1 | ഉത്പാദനം | 10 | | 12166297 | 7577848 | 62.2 |
| 2 | സേവനം | 41 | | 28741768 | 18383997 | 63.9 |
| 3 | പശ്ചാത്തലം | 36 | | 16934542 | 1018172 | 60.1 |
| | ആകെ | 87 | 64 | 5784260 | 3614356 | 62.4 |

മേഖലാടിസ്ഥാനത്തിലുള്ള ഫണ്ട് വിനിയോഗം തികച്ചും തൃപ്തികരമല്ല.

ഫണ്ട് അടിസ്ഥാനത്തിലുള്ള വകയിരുത്തലും ചെലവുവിവരവും.

| ക്രമനം | ഫണ്ടിനം | വകയിരുത്തൽ | ചെലവ് | ശതമാനം |
|---|---|---|---|---|
| 1 | വികസനഫണ്ട്(ജനറൽ) | 35305010 | 23502498 | 66.56 |
| 2 | വികസനഫണ്ട്(എസ്.സി.പി) | 13000990 | 9644958 | 74.18 |
| 3 | വികസനഫണ്ട്(ടി.എസ്.പി) | 332000 | 40000 | 12.04 |
| 4 | തനത്ഫണ്ട് | 537118 | 147150 | 27.39 |
| 5 | കേന്ദ്രാവിഷ്കൃതം | 480000 | 0 | 0 |
| 6 | ജില്ലാപഞ്ചായത്ത് വിഹിതം | 392000 | 0 | 0 |
| 7 | മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ് | 6456189 | 2808960 | 43.50 |
| 8 | മറ്റുള്ളവ | 550300 | 0 | 0 |
| 9 | മറ്റ് ഗ്രാമപഞ്ചായത്ത് | 789000 | 0 | 0 |
| | ആകെ | 57842607 | 36143566 | 62.48 |

വികസനഫണ്ട് (ടി.എസ്.പി) 50%ലും താഴെയായതും മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ് ഗണ്യമായ ശതമാനം കൈവരിക്കാത്തതും ശ്രദ്ധിക്കേണ്ടതാണ്. ഖണ്ഡികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ചെലവുതുകകൾ ഐ.കെ.എം.ചെലവു പത്രിക പ്രകാരമുള്ളതാണ്. ടി തുകയിൽ ക്യൂ ലിസ്റ്റ് ഉൾപ്പെടെ ബില്ലുകളുടെ തുകകൾ കൂടി ഉൾപ്പെട്ടിട്ടുണ്ട്. ആയതിനാൽ 2017-18 വർഷത്തെ യഥാർത്ഥ ചെലവു തുകയും ഖണ്ഡികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകയും (ഐ.കെ.എം. പത്രിക പ്രകാരമുള്ളത്) തമ്മിൽ വ്യത്യാസം ഉണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | ഐ.കെ.എം. പത്രിക പ്രകാരം ചെലവ് | ക്യൂ ലിസ്റ്റിലും ഐ.കെ.എം. പത്രികയിലും ഉൾപ്പെട്ട ബില്ലുകളുടെ തുക | എ.എഫ്.എസ്. പ്രകാരം ചെലവ് |
|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 23502498 | 2612883 | 20889615 |
| വികസന ഫണ്ട് (എസ്.സി.പി) | 9644958 | 496442 | 9148516 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | 2808960 | 197600 | 2611360 |

നിർവഹണോദ്യോഗസ്ഥരും പദ്ധതി നിർവഹണവും.

അംഗീകാരം ലഭിച്ച 87 പദ്ധതികളുടെ നിർവഹണത്തിന് താഴെ പ്രതിപാദിക്കും വിധം 8 നിർവഹണോദ്യോഗസ്ഥരെ ചുമതലപ്പെടുത്തി.

| ക്രമനം | നിർവഹണോദ്യോഗസ്ഥർ | ഏൽപ്പിച്ച പദ്ധതികളുടെ എണ്ണം | നിർവഹിച്ചപദ്ധതികളുടെ എണ്ണം | അടങ്കൽ | ചെലവ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | സെക്രട്ടറി | 36 | 24 | 22137545 | 14112821 |
| 2 | പട്ടികജാതി വികസന ഓഫീസർ | 1 | 0 | 124450 | 0 |
| 3 | ചൈൽഡ് ഡെവലപ്മെന്റ് ഓഫീസർ | 7 | 6 | 3884900 | 2867000 |
| 4 | മെഡിക്കൽ ഓഫീസർ , സി.എച്ച്.സി | 5 | 5 | 2150000 | 1606412 |
| 5 | അസിസ്റ്റന്റ് ഡയറക്ടർ , കൃഷി | 1 | 1 | 3009000 | 2500000 |
| 6 | അസിസ്റന്റ് ഡയറക്ടർ/സീനിയർ വെറ്ററിനറി സർജൻ | 2 | 2 | 3200000 | 3197600 |
| 7 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ്എഞ്ചിനീയർ | 20 | 18 | 14938700 | 8239256 |
| 8 | അസിസ്റ്റന്റ് എഞ്ചിനീയർ | 15 | 9 | 8398012 | 3620477 |
| | ആകെ | | | 57842607 | 36143566 |

പട്ടികജാതി വികസനഓഫീസർ നിർവഹണഉദ്യോഗസ്ഥനായി ഒരു പ്രോജക്ട് ആസൂത്രണം ചെയ്തെങ്കിലും നടപ്പാക്കിയിട്ടില്ല. ആവശ്യാധിഷ്ഠിതമായി പ്രോജക്ടുകൾ ആസൂത്രണം ചെയ്യുന്നതിനും ആസൂത്രണം ചെയ്യുന്ന പ്രോജക്ടുകളെല്ലാം നടപ്പിലാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്. 2017-18 വർഷം വികസനകാര്യസ്റ്റാന്റിംഗ് കമ്മറ്റി 12 യോഗങ്ങളും ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി 13 യോഗങ്ങളും ആരോഗ്യവിദ്യാഭ്യാസസ്റ്റാന്റിംഗ് കമ്മറ്റി 10 യോഗങ്ങളും കൂടിയിട്ടുണ്ട്. വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ വിഷയമേഖലാടിസ്ഥാനത്തിൽ ചർച്ച നടത്തിയല്ല പദ്ധതി ആസൂത്രണം നടത്തിയിരിക്കുന്നത്. വിഷയ മേഖലാടിസ്ഥാനത്തിൽ ചർച്ച നടത്തി പദ്ധതി ആസൂത്രണം നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-7 ആഭ്യന്തരനിയന്ത്രണം

സ്ഥാപനത്തിന്റെ ആഭ്യന്തരനിയന്ത്രണസംവിധാനം തൃപ്തികരമല്ല. ഓഡിറ്റ് വർഷം പതിനെട്ട് ഓഫീസ് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും ടി ഉത്തരവുകൾ പൂർണമായും പാലിക്കപ്പെട്ടിട്ടില്ല. പേഴ്സണൽ രജിസ്റ്ററുകൾ കൃത്യമാക്കി സൂക്ഷിക്കുന്നില്ല. സാംഖ്യരസീതുകൾ വൗച്ചറുകൾക്കൊപ്പം സൂക്ഷിക്കുന്നില്ല. വൗച്ചറുകൾ ആവശ്യമായ സാക്ഷ്യപ്പെടുത്തലുകൾ നടത്തി അധികൃതമാക്കുന്നില്ല. സാംഖ്യ രസീതുകൾ സ്റ്റേഷനറി നമ്പറിന്റെ ക്രമത്തിൽ ഉപയോഗിക്കുന്നില്ല. രസീതുകൾ വിതരണം ചെയ്യുന്നത് സ്റ്റോക്ക് രജിസ്റ്ററിൽ വ്യക്തമായി രേഖപ്പെടുത്തുന്നില്ല.

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നം/ ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.2.17 | 16-17 | 104/p5/KTM/16 dt.28.4.17 |
| അക്കൗണ്ടന്റ് ജനറലിന്റെ | 2.2.16 | 1.8.13-12/15 | O.A.(H.Q)111/1111 12/15-16 |

| | | | |
|---|---|---|---|
| ഓഡിറ്റ് | | | dt.1.3.16 |

## 1-9 വാർഷിക കണക്കുകളുടെ അവലോകനം

മാടപ്പള്ളി ബ്ളോക്ക് പഞ്ചായത്തിന്റെ 2017-18 വാർഷിക ധനകാര്യ പത്രിക 15.5.18തീയതിയിലെ 4 (3) -ാം നം തീരുമാന പ്രകാരം അംഗീകരിച്ച് ഓഡിറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്. വാർഷിക കണക്കുകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1) 26.07.2011-ലെ ജി.ഒ.(എം.എസ്) 152/11/എൽ.എസ്.ജി.ഡി. യിലെ നിർദേശം പാലിച്ച് ഗ്രാമപഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.
2) ഗ്രാമപഞ്ചായത്തിന്റെ ആസ്തി-ബാധ്യതകളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തുന്ന നടപടിക്രമങ്ങൾ പൂർണ്ണമായിട്ടില്ല. അതിനാൽ ധനകാര്യ പത്രിക പ്രകാരം കണക്കാക്കിയ ജനറൽ ഫണ്ട് കൃത്യമല്ല.

3) പഞ്ചായത്തിലെ 'ഇ ടെണ്ടർ' മുഖാന്തിരം ലഭിച്ച 53900 രൂപ എക്സി.എഞ്ചിനീയറുടെ അക്കൗണ്ടിൽ നിലനിൽക്കുന്നു. ടി തുക സ്ഥാപനത്തിന്റെ ഇൻകം, ആസ്തി ഇവയായി ക്രമീകരിക്കേണ്ടതാണ്.

4) KWA.KSEB എന്നീ ഏജൻസികളിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുള്ള എല്ലാ തുകകളും ബി 18ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടില്ല

5)വിവിധ ഗ്രാന്റുകളുടെ വരവ് സംബന്ധിച്ച രജിസ്റ്ററുകൾ കൃത്യമായി തയ്യാറാക്കി സൂക്ഷിക്കാത്തതിനാൽ ബി 4ഷെഡ്യൂളിലെ തുകകളുടെ കൃത്യത വ്യക്തമല്ല.
6)വിവിധ ബാങ്ക് അക്കൗണ്ടുകളുടെ പലിശയിനത്തിൽ തൻ വർഷം ലഭിച്ച തുക വരവായി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല

6)അഡ്വാൻസ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കാത്തതിനാൽ ടിയിനത്തിലെ തുകകളുടെ കൃത്യത വ്യക്തമല്ല.

വാർഷിക കണക്കുകളിലെ അപാകതകൾ ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 സാംഖ്യ രസീതുകൾ ക്രമത്തിൽ ഉപയോഗിക്കുന്നില്ല

2017-18 സാമ്പത്തിക വർഷം ആദ്യം ഉപയോഗിച്ചത് 27.04.17 ലെ സ്റ്റേഷനറി നം. 4338627 ആയിട്ടുള്ള സാംഖ്യരസീതാണ്. തൊട്ടടുത്ത വരവ് 06.05.17 ലെ സ്റ്റേഷനറി നം.4338152 രസീതു മുഖേനയാണ്. പിന്നീട് 4338162 വരെ ക്രമമായി ഉപയോഗിട്ടിട്ടുണ്ടെങ്കിലും, ഇതിനു ശേഷം 29.08.17 മുതൽ സ്റ്റേഷനറി നം. 4609702 മുതലാണ് ഉപയോഗിച്ചിരിക്കുന്നത്. 27.04.17 നം 29.08.17 നം ഇടയിൽ കൗണ്ടറിലേക്ക് ഇഷ്യു ചെയ്തിട്ടുള്ള സാംഖ്യ രസീതുകളുടെ വിവരം സ്റ്റോക്ക് രജിസ്റ്ററിൽ ശരിയായി രേഖപ്പെടുത്തിയിട്ടില്ല. രസീതുകൾ സ്വീകരിക്കുന്നതിന്റെയും, വിതരണം ചെയ്യുന്നതിന്റെയും, ഉപയോഗിക്കുന്നതിന്റെയും വിവരങ്ങൾ രജിസ്റ്ററിൽ വ്യക്തമാക്കേണ്ടതും, സ്റ്റേഷനറി നമ്പറിന്റെ ക്രമത്തിൽ രസീതുകൾ ഉപയോഗിക്കേണ്ടതുമാണ്.

## 2-2 ഇ-ടെണ്ടർ ഫീ - ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിലേക്ക് മാറ്റിയിട്ടില്ല

2017-18 സാമ്പത്തിക വർഷം ഇ-ടെണ്ടർ ഫീസ് ഇനത്തിൽ എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ ലഭിച്ച തുക ബ്ലോക്ക് പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് മാറ്റിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | ടെന്റർ സമർപ്പിച്ച കരാറുകാരന്റെ വിവരം | ടെന്റർ ഫീ ഇനത്തിൽ ഒടുക്കിയ തുക |
|---|---|---|---|
| 12/18 | സങ്കേതം-പുതുച്ചിറപ്പാടം റോഡ് കോൺക്രീറ്റിംഗ്. | എൻ.സി. മാത്തുക്കുട്ടി. | 1000 |
| | | ജോഷി ആന്റണി | 1000 |
| 33/18 | മുസ്ലിം സ്കൂൾ- മുനിസിപ്പൽ അതിർത്തി റോഡ് പുനരുദ്ധാരണം. | പ്രസാദ്.പി | 1000 |
| 34/18 | തയ്യാട്ട് സെറ്റിൽമെന്റ് കോളനിയിൽ സംരക്ഷണ ഭിത്തി നിർമാണം. | ജോസഫ് എബ്രഹാം | 1000 |
| 35/18 | ഇരുപ്പാ മാടോടി തെക്കേതിൽ കോളനിയിൽ റോഡ് നിർമാണവും സൈഡ് കെട്ടലും | ജോസഫ് എബ്രഹാം | 1000 |
| 100/18 | മണികണ്ഠവയൽ കുളത്തിൽ സംരക്ഷണ ഭിത്തി നിർമാണവും അനുബന്ധ പ്രവൃത്തികളും | ജോസഫ് എബ്രഹാം | 1000 |
| 70/18 | മാലൂർക്കാവ് ചേരിക്കൽ കോളനിയിൽ കലുങ്ക് ഡ്രയിനേജ് നിർമാണം. | ജോസഫ് എബ്രഹാം | 1000 |
| | | ടോമി ദേവസ്യ | 1000 |
| 76/18 | മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ അനുബന്ധ കെട്ടിട നിർമാണം | ജിജി കെ മാത്യു. | 2500 |
| | | ബ്രൈറ്റ് മാർക്ക് കൺസ്ട്രക്ഷൻ | 2500 |
| | | ജയിംസ് ജോൺ | 2500 |
| 81 | മഞ്ചേരിക്കുളം പുല്ലുകാട്ടുചിറ എസ്.സി | ബാബു തോമസ് | 1000 |

| | | | |
|---|---|---|---|
| | കോളനിയിൽ നടപ്പാതയും | ടോമി ദേവസ്യ | 1000 |
| 85 | മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പട്ടികജാതി വികസന ഓഫീസിന് അനുബന്ധമായി എസ്.സി വനിതകൾക്ക് വിശ്രമകേന്ദ്രവും ടോയ്‌ലറ്റും. | | 1600 |
| 89 | ചേന്നമറ്റം തൃക്കോയിക്കൽ റോഡ് പുനരുദ്ധാരണം. | അജി ജോസഫ് | 1000 |
| | | ജയിംസ് ജോസഫ് | 1000 |
| | | എ.എസ് ജോസഫ് | 1000 |
| | | ബനഡിക്ട് വി.ജെ. | 1000 |
| | | ജിജി കെ.മാത്യു | 1000 |
| 90 | നീലംപേരൂർ ചാമ റോഡിൽ യൂദാപുരം ചാമ റോഡ് ഭാഗം നിർമാണം | ലിനു ജോബ് | 1000 |
| | | എൻ.സി.ഉത്തുപ്പാൻ | 1000 |
| | | അജി ജോസഫ് | 1000 |
| | | ബനഡിക്ട് വി.ജെ | 1000 |
| | | ജയിംസ്കുട്ടി തോമസ് | 1000 |
| | | തോമസ് ചാക്കോ | 1000 |
| 37 | വെട്ടിക്കുന്നേൽ പള്ളി പോട്ടച്ചിറ റോഡ് പുനരുദ്ധാരണം | ടോമി ദേവസ്യ | 1000 |
| 107 | ഈരത്ര ഇഞ്ചം തുരുത്ത് പുറം ബണ്ട് ബലപ്പെടുത്തൽ | എൻ.സി.ഉത്തുപ്പാൻ | 5000 |
| 82 | വാകത്താനം സി.എച്ച്.സി യിൽ വനിതാ ബ്ലോക്ക് നിർമാണം | ലിനു ജോബ് | 5800 |
| | | ഷാജി ജോസഫ് | 5800 |

| | | |
|---|---|---|
| | ജിജി കെ.മാത്യു | 5800 |
| ആകെ | | 53500 |

എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിലുള്ള 53500/- രൂപയും അംഗീകൃത കരാറുകളുടെ ഇ.എം.ഡി. തുകകളും ബ്ലോക്ക് പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് മാറ്റേണ്ടതാണ്.

## 2-3 വിനിമയമില്ലാതെ അവശേഷിക്കുന്ന അക്കൗണ്ടുകൾ ക്ലോസ് ചെയ്യാതെ നിലനില്ക്കുന്നു

ബ്ലോക്ക്പഞ്ചായത്തിൽ പല അക്കൗണ്ടുകളും വിനിമയമില്ലാതെ തുടരുന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | അക്കൗണ്ട് നം | വിനിമയമില്ലാതെ അവശേഷിക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| TSC അക്കൗണ്ട് | കാനറ ബാങ്ക് , മാടപ്പള്ളി | 71428 | 467706 രൂപ | പഞ്ചായത്തിൽ നിലവിൽ യാതൊരു പദ്ധതികളുമായി ബന്ധമില്ലാത്തിനാൽ TSC യിലേക്കുതന്നെ തിരിച്ചടയ്ക്കാവുന്നതാണ്. |
| SHG (Self Help Group) | സെൻട്രൽ ബാങ്ക് , പെരുമ്പനച്ചി | 2081671673 | 35489 രൂപ | ടി പദ്ധതി നിലവിലില്ലാത്തതിനാൽ ക്ളോസ് ചെയ്യാവുന്നതാണ് |
| IAY ലോൺ ഇനത്തിലെ പലിശ | മാടപ്പള്ളി സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് | 0102060002875 | 284420 രൂപ | IAY അക്കൗണ്ടിലേക്ക് മാറ്റാവുന്നതാണ് |

വിനിമയമില്ലാതെ അവശേഷിക്കുന്ന മേൽപറഞ്ഞ അക്കൗണ്ടുകളിലെ തുകകൾ യഥാർത്ഥ ഉദ്ദേശ്യ ലക്ഷ്യങ്ങൾക്ക് ഉപയോഗിക്കാൻ സാധിക്കാത്ത പക്ഷം ബാക്കി നിൽക്കുന്ന മറ്റുള്ള അക്കൗണ്ടുകൾ ക്ലോസ് ചെയ്യേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ആവശ്യാധിഷ്ഠിതമല്ലാതെ ഗ്രാമ,ജില്ലാ പഞ്ചായത്തുകളിൽ നിന്നും ബ്ളോക്ക് പഞ്ചായത്തിലേക്ക് തുകകൾ കൈമാറുന്നു-IAYഅക്കൗണ്ടിൽ ഭീമമായ തുക അവശേഷിക്കുന്നു

തൃക്കൊടിത്താനം ഗ്രാമപഞ്ചായത്തിൽ നിന്നും PMAYഅധിക ധനസഹായം എന്ന പ്രോജക് മുഖേന വികസന ഫണ്ട് (ജനറൽ ) നിന്നും 500000രൂപയും PM AYഅധിക ധനസഹായം (SCP) എന്ന പ്രോജക് മുഖേന 900000രൂപയും ചേർത്ത് ആകെ 1400000/-രൂപ ബ്ളോക്ക് പഞ്ചായത്തിലേക്ക് കൈമാറിയിട്ടുണ്ട്.

ബ്ളോക്ക് പഞ്ചായത്ത് ആവശ്യപ്പെടാതെയാണ് ടി തുക തൃക്കൊടിത്താനം ഗ്രാമപഞ്ചായത്തിൽ നിന്നും നല്കിയിട്ടുള്ളത്. ഇപ്രകാരം ആവശ്യാധിഷ്ഠിതമല്ലാതെ ബ്ളോക്ക് പഞ്ചായത്തിലേക്ക് തുകകൾ കൈമാറുന്ന രീതി ക്രമപ്രകാരമല്ല. ഇതിൽ ഒരു ഗുണഭോക്താവിനുള്ള 70000/- രൂപ മാത്രമേ ചെലവായിട്ടുള്ളൂ. ബാക്കി തുകയായ 1330000/-രൂപ ഐ.എ.വൈ.പ്ളാൻ അക്കൗണ്ടിൽ (SBI,മാടപ്പള്ളി,അക്കൗണ്ട് നം.67251471920) അവശേഷിക്കുന്നു.

2015-16-ൽ IAYപദ്ധതി നിർത്തലാക്കിയ സാഹചര്യത്തിൽ 16-17 മുതൽ ആരംഭിച്ച PMAYപദ്ധതിയ്ക്കായി 2016-17, 2017-18 വർഷങ്ങളിലായി വിവിധ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച തുകയുടെയും ചെലവഴിക്കാതെ അവശേഷിക്കുന്ന തുകയുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| തുക നല്കിയ സ്ഥാപനം | നല്കിയ തുക | ചെലവഴിച്ച തുക | അവശേഷിക്കുന്ന തുക |
|---|---|---|---|
| ജില്ലാ പഞ്ചായത്ത് (ജനറൽ വിഹിതം) | 980000 | 714000 | 266000 |
| മാടപ്പള്ളി ഗ്രാമപഞ്ചായത്ത് (ജനറൽ വിഹിതം) | 80000 | 20000 | 60000 |
| തൃക്കൊടിത്താനം ഗ്രാ.പ (ജനറൽ വിഹിതം) | 500000 | 70000 | 430000 |
| തൃക്കൊടിത്താനം ഗ്രാ.പ (എസ്.സി വിഹിതം) | 1257500 | 90000 | 1167500 |
| വാഴപ്പള്ളി ഗ്രാമപഞ്ചായത്ത് | 400000 | 110000 | 290000 |

ഇപ്രകാരം 2016-17, 2017-18 വർഷങ്ങളിലായി PMAY വിഹിതമിനത്തിൽ ലഭിച്ച തുകയിൽ 2213500/- രൂപ നിലവിൽ അവശേഷിക്കുന്നുണ്ട്. ടി തുകയും IAYപ്ളാൻ അക്കൗണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളത്.

ഐ.എ.വൈ.പ്ളാൻ അക്കൗണ്ടിൽ 31.3.18ൽ 3,03,44,460/- രൂപ നീക്കിയിരുപ്പ് ഉണ്ട്. ടി തുകകൾ എവിടെ നിന്ന് ലഭ്യമായി എന്നതിനെക്കുറിച്ച് കൃത്യമായ വിവരങ്ങൾ പഞ്ചായത്തിൽ ലഭ്യമല്ല. IAY പദ്ധതി തുടങ്ങിയ വർഷം മുതൽ വിവിധ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച വികസന ഫണ്ട് വിഹിതം ഉൾപ്പെടെയുള്ള തുകയാണ് ഈ അക്കൗണ്ടിൽ ബാലൻസായി നില്ക്കുന്നത്. IAY ലോൺ ഇനത്തിൽ എടുത്ത 2875000രൂപയും ടി അക്കൗണ്ടിൽ നിക്ഷേപിച്ചാണ് വിതരണം നടത്തിയത്. ലോൺ തുകയിൽ മുഴുവൻ തുകയും ഗുണഭോക്താക്കൾക്ക് നല്കിയിട്ടുണ്ടോ എന്ന വിവരവും വ്യക്തമല്ല. ഇപ്രകാരം ഭീമമായ തുക ഐ.എ.വൈ.പ്ളാൻ അക്കൗണ്ടിൽ നിലനിൽക്കുന്ന സാഹചര്യത്തിൽ തുകയുടെ ഇനം തിരിച്ചറിഞ്ഞ് ഫലപ്രദമായി വിനിയോഗിക്കുവാൻ വേണ്ട അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-2 പാടശേഖരസമിതികൾക്ക് പെട്ടി, പറ, മോട്ടോർ നൽകൽ പദ്ധതി - മാർഗരേഖക്കനുസൃതമായും പൂർണമായും നടപ്പാക്കിയിട്ടില്ല.

പാടശേഖരസമിതികൾക്ക് പെട്ടി, പറ, മോട്ടോർ നൽകൽ പദ്ധതി (നം.78/17-18) പ്രകാരം വാകത്താനം, പായിപ്പാട്, വാഴപ്പള്ളി ഗ്രാമപഞ്ചായത്തുകൾക്ക് ബ്ലോക്ക് വിഹിതമായി യഥാക്രമം 7,00,000, 8,00,000, 10,00,000 രൂപ നൽകിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തുകൾ പദ്ധതി പൂർത്തിയാക്കിയിട്ടില്ല. പാടശേഖര സമിതികളെ തെരഞ്ഞെടുക്കൽ, പെട്ടി, പറ, മോട്ടോർ വാങ്ങൽ, വിതരണം തുടങ്ങി പദ്ധതി നടത്തിപ്പിനായി ഗ്രാമപഞ്ചായത്തുകൾ നാളിതുവരെ സ്വീകരിച്ച നടപടികൾ രേഖകൾ സഹിതം ഹാജരാക്കേണ്ടതാണ്.

പെട്ടി, പറ, മോട്ടോർ ഇവയുടെ സംരക്ഷണം, തുടർ പ്രവർത്തനം സംബന്ധിച്ചുള്ള വ്യവസ്ഥകൾ ബ്ലോക്ക് തലത്തിൽ ഉണ്ടാക്കിയിട്ടുള്ളതായോ, പഞ്ചായത്തുകളിൽ നിന്ന് ലഭ്യമാക്കിയിട്ടുള്ളതായോ കാണുന്നില്ല . സംരക്ഷണം, തുടർ പ്രവർത്തനം സംബന്ധിച്ച് മോണിട്ടറിംഗ് ബ്ലോക്ക് തലത്തിൽ

ഉണ്ടാവേണ്ടതാണ്.

## 3-3 പാലിനു സബ്സിഡി നൽകൽ - ചെലവഴിച്ചതിന്റെ ബാക്കി തുക തിരിച്ചടച്ചില്ല.

ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവഹണം നടത്തിയ 'ക്ഷീരകർഷകർക്ക് പാലിനു സബ്സിഡി നൽകൽ' എന്ന സംയുക്തപ്രോജക്ടിനായി ബ്ലോക്ക് വിഹിതമായി ട്രാൻസ്ഫർ ക്രഡിറ്റായി ഗ്രാമപഞ്ചായത്തുകൾക്ക് തുക നൽകിയിട്ടുള്ളതാണ്. പദ്ധതി പൂർത്തീകരിച്ചെങ്കിലും 3 പഞ്ചായത്തുകളിലെ നിർവഹണഉദ്യോഗസ്ഥർക്ക് തുക മുഴുവൻ ചെലവഴിക്കാൻ സാധിച്ചില്ല. ബാക്കി തുക നാളിതുവരെ തിരികെ ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗ്രാമപഞ്ചായത്ത് | ട്രഷറി ബിൽ നം., തീയതി. | തുക | പഞ്ചായത്ത്തല നിർവഹണ ഉദ്യോഗസ്ഥൻ ചെലവഴിച്ച തുക | ബാക്കി തുക |
|---|---|---|---|---|
| പായിപ്പാട് | 1/17-18 28.08.17 | 300000 | 282622 | 17378 |
| മാടപ്പള്ളി | 2/17-18 26.08.17 | 700000 | 700000 | 0 |
| വാകത്താനം | 3/17-18 14.09.17 | 800000 | 800000 | 0 |
| തൃക്കൊടിത്താനം | 4/17-18 25.09.17 | 700000 | 579518 | 120482 |
| വാഴപ്പള്ളി | 5/17-18 1/10/17 | 500000 | 374547 | 125453 |
| ആകെ | | | | 263313 |

ബാക്കി വന്ന തുകയായ 263313/- രൂപ തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 3-4 മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ പ്രോജക്ടുകൾ - അവശ്യ രേഖകൾ ഹാജരാക്കിയിട്ടില്ല.

മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ ചുവടെ പറയുന്ന പ്രോജക്ടുകളുമായി ബന്ധപ്പെട്ട കൈപ്പറ്റ് രസീതുകൾ , സ്റ്റോക്ക് രജിസ്റ്റർ, ക്യാഷ് ബുക്ക് എന്നിവ ഹാജരാക്കിയിട്ടില്ലാത്തതിനാൽ ചെലവ് തുക കൈമാറിയിട്ടുണ്ടോ യെന്നും ഉപകരണങ്ങൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ടോയെന്നും പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ഹാജരാക്കിയിട്ടില്ല.

പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | തുക | ബിൽ നം. | സ്ഥാപനം,ഇൻവോയ്സ് നം. |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 67/17-18 | സർജിക്കൽ ഉപകരണങ്ങൾ വാങ്ങൽ | 95436 | 9/17-18 25.11.17 | V.R അസോസിയേറ്റ്സ്, തിരുവനന്തപുരം BB-203 6.11.17 |
| 68/17-18 | എൻ.സി.ഡി ക്ലിനിക്ക് -ഗ്ലൂക്കോമീറ്റർ സ്ട്രിപ്പ് വാങ്ങൽ | 149991 | 6/17-18 31.10.17 | നന്ദാ ബയോടെക്, കോട്ടയം 242 19.10.17 |
| 69/17-18 | വാകത്താനം CHC യിലേക്ക് വിവിധ ഉപകരണങ്ങൾ വാങ്ങൽ | 497450 | 7/17-18 31.10.17 | നന്ദാ ബയോടെക്, കോട്ടയം 244 19.10.17 |

പദ്ധതികൾക്കായി ചെലവഴിച്ച 7,42,877/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-5 മരാമത്ത് പ്രവൃത്തികൾ - പദ്ധതി രൂപീകരണത്തിലെയും നിർവ്വഹണത്തിലെയും അപാകതകൾ

മരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട പദ്ധതികൾ രൂപീകരിക്കുന്നതിലും നിർവ്വഹണം നടത്തുന്നതിലും സർക്കാർ നിർദ്ദേശങ്ങളും പഞ്ചായത്ത് രാജ് ചട്ടങ്ങളിലെ വ്യവസ്ഥകളും പാലിക്കപ്പെട്ടില്ല എന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

രൂപീകരണത്തിലെ അപാകതകൾ

1994ലെ പഞ്ചായത്ത് രാജ് ആക്ടിലെ വ്യവസ്ഥകളും 13-ാം പഞ്ചവത്സരപദ്ധതിയിലെ ആദ്യ വാർഷിക പദ്ധതി(2017-18) തയ്യാറാക്കൽ സംബന്ധിച്ച് ജി.ഒ.(എം.എസ്.)നം.72/2017 തസ്വഭവ തീയതി 29.03.2017 ആയി സംസ്ഥാന സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളും പൂർണ്ണമായും ഉൾക്കൊള്ളാതെയാണ് പദ്ധതി രൂപീകരിച്ചിട്ടുള്ളത്. പഞ്ചായത്ത് രാജ് ആക്ട് 172-ാം വകുപ്പ് 1-ാം ഉപവകുപ്പ് പട്ടിക 4 പ്രകാരം ഒന്നിലധികം ഗ്രാമപഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന ബ്ലോക്ക് പഞ്ചായത്തിനുള്ളിലെ വില്ലേജ് റോഡുകളും ബ്ലോക്ക് പഞ്ചായത്തിൽ നിക്ഷിപ്തമായ മറ്റ് റോഡുകളുമാണ് ബ്ലോക്ക് പഞ്ചായത്ത് പരിപാലിക്കേണ്ടത്. എന്നാൽ ബ്ലോക്ക് പഞ്ചായത്ത് പദ്ധതി രൂപീകരിച്ച വേളയിൽ ഈ നിഷ്കർഷ പാലിച്ചില്ല. പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മേൽസൂചിപ്പിച്ച ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകൾ/ഊരുകൂട്ടങ്ങൾ ബ്ലോക്ക് പഞ്ചായത്തുകളുടെ പരിഗണനയ്ക്ക് തയ്യാറാക്കി നൽകുന്ന നിർദ്ദേശങ്ങൾ ഗ്രാമസഭയ്ക്ക് സമാനമായി സംഘടിപ്പിയ്ക്കുന്ന യോഗങ്ങളിൽ അവതരിപ്പിച്ച് ചർച്ച ചെയ്യേണ്ടതാണ്. എന്നാൽ 2017-18 വർഷത്തെ മരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട പദ്ധതികൾ തയ്യാറാക്കുന്നതിന് മുമ്പ് ഗ്രാമസഭാ സമാനമായ യോഗത്തിലെ ബന്ധപ്പെട്ട വിഷയമേഖലയിൽ ആവശ്യാധിഷ്ഠിത വിശകലനം നടന്നിട്ടുള്ളതിന്റെ രേഖകളില്ല.

നിർവ്വഹണത്തിലെ അപാകതകൾ

1) മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം ഇ-ടെണ്ടർ മുഖേനയാണ്. എന്നാൽ പ്രാഥമിക റൗണ്ടിൽ മിക്ക പ്രവൃത്തികൾക്കും ടെണ്ടർ ലഭിക്കാതിരുന്ന സാഹചര്യം നിലനിൽക്കുന്നു. തുടർന്ന് റീ-ടെണ്ടർ നടത്തുകയും തദവസരത്തിൽ ഏക ടെണ്ടർ ലഭിക്കുകയും ആയത് അംഗീകരിക്കുകയും ചെയ്യുന്നു. റീ ടെണ്ടറിലും ടെണ്ടർ ലഭിക്കാത്ത വേളയിൽ ക്വട്ടേഷൻ ക്ഷണിച്ച് പ്രവൃത്തി നടത്തുന്നു. തദവസരത്തിൽ ലഭിക്കുന്ന ക്വട്ടേഷനും എണ്ണത്തിൽ "ഒന്ന്" മാത്രമാണ് ലഭിക്കുന്ന ക്വട്ടേഷൻ തന്നെ പരിശോധിക്കുന്ന അധികൃതർ തീയതിയും സമയവും ഉൾപ്പെടുത്തി ഒപ്പ് രേഖപ്പെടുത്തുന്നില്ല. കവറില്ലാതെ ലഭ്യമായിട്ടുള്ള ക്വട്ടേഷൻ ചുളിവോ മടക്കോ

പോലും ഇല്ലാതിരിക്കുന്നതിനാൽ പഞ്ചായത്തിലെ പ്രവൃത്തി ഏൽപ്പിച്ചുനൽകലിന്റെ സുതാര്യത ഉറപ്പാക്കാനാവുന്നില്ല.

2) വീതി കുറഞ്ഞ റോഡ് കോൺക്രീറ്റ് ചെയ്യൽ സർക്കാർ ഉത്തരവിന്റെ ലംഘനം.

ബ്ലോക്ക് പഞ്ചായത്തുകൾക്ക് തീരപ്രദേശങ്ങളിലും പട്ടികജാതി പട്ടികവർഗ്ഗ കോളനികളിലും 6 മീറ്ററും 8 മീറ്ററും വീതിയുള്ള റോഡുകളുമാണ് യഥാക്രമം ഏറ്റെടുത്ത് പ്രവൃത്തി നടത്തുന്നതിനായി 18.08.2012ലെ സ.ഉ.(എം.എസ്.)225/12 തസ്വഭവ, 26.12.12ലെ സ.ഉ.(എം.എസ്.)344/12 എന്നീ ഉത്തരവുകൾ നിഷ്കർഷിക്കുന്നത്. 4.3.13ലെ സ.ഉ.(എം.എസ്.)77/2017/തസ്വഭവ ഉത്തരവിലൂടെ റോഡുകളുടെ കുറഞ്ഞ വീതി 6 മീറ്ററായി നിശ്ചയിച്ചു. എന്നാൽ മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് നിർവ്വഹണത്തിനായി റോഡ് തിരഞ്ഞെടുത്തപ്പോൾ മേലുത്തരവുകളിലെ നിർദ്ദേശങ്ങൾ പാലിച്ചതായി കാണുന്നില്ല. ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ പരിഗണിക്കാതെയും വളരെ കുറഞ്ഞ വീതിയിലുള്ള റോഡുകൾ ഏറ്റെടുത്ത് പദ്ധതി നിർവ്വഹണം നടത്തിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടു. 1.5 മീറ്റർ വരെ വീതിയുള്ള റോഡുകൾ അറ്റകുറ്റപ്പണികൾക്കായി തെരഞ്ഞെടുത്തതായി കാണുന്നു.

വീതി കുറവായ റോഡ് നിർവ്വഹണം നടത്തിയതിന്റെ ചില ഉദാഹരണം ചുവടെ ചേർക്കുന്നു. ഇതിനുള്ള വിശദീകരണം നൽകുകയും ഭാവിയിൽ പ്രോജക്ട് രൂപീകരണ, നിർവ്വഹണ പ്രക്രിയകളിൽ സർക്കാർ നിർദ്ദേശം പാലിക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.

| പ്രവൃത്തിയുടെ പേര് | വേലമൂല്യം | റോഡിന്റെ വീതി |
|---|---|---|
| 1) മുതലപ്ര-പൂച്ചാലിൽപ്പടി റോഡ് നിർമ്മാണം<br>പ്രോജക്ട് നം.16/16-17 | 426085 | 2.5 മീറ്റർ |
| 2) ചേന്നമറ്റം തൃക്കോയിക്കൽ റോഡ് | 403020 | 1.5 മീറ്റർ |
| 3) മുസ്ലീം സ്കൂൾ-മുനിസിപ്പൽ അതിർത്തി റോഡ്<br>എസ് 0033/18 | 89992 | 5 മീറ്റർ |

## 3-6 ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

2017-18 വർഷത്തിൽ 4 ഗുണഭോക്താക്കൾ പി.എം.എ.വൈ.പദ്ധതി പ്രകാരം ബ്ലോക്ക് പഞ്ചായത്തുമായി കരാറിലേർപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| എസ്.സി | ജനറൽ | മൈനോരിറ്റി | ആകെ |
|---|---|---|---|
| 1 | 2 | 1 | 4 |

ഇതിൽ 3 പേർ ഭവനനിർമ്മാണം പൂർത്തിയാക്കി. ജോർജ്ജ്, നത്തനടിച്ചിറ എന്നയാളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കാനവശേഷിക്കുന്നു. ടിയാൾ 306000/- രൂപ കൈപ്പറ്റിയിട്ടുണ്ട്

2015-16 വർഷത്തിൽ IAYപദ്ധതി പ്രകാരം കരാറിലേർപ്പെട്ട 2 പേർ ഭവന നിർമ്മാണം പൂർത്തിയാക്കാനുള്ളതായി കാണുന്നു. ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് |
|---|---|
| 1 | അനിത ജയപ്രസാദ്, തൃക്കൊടിത്താനം |
| 2 | ഉഷ ശശി, മാടപ്പള്ളി |

മേൽ ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-7 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല - ചെലവ് തടസ്സപ്പെടുത്തുന്നു

2017-18 വർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല..

| ക്രമ നം | പ്രോജക്ടിന്റെ പേര് | തുക കൈപ്പറ്റിയ സ്ഥാപനം | തുക | ബിൽ നം, |
|---|---|---|---|---|
| 1 | ഹരിത കേരളം – തുക്കൊടിത്താനം ഗ്രാ.പ.-ഉറവിട മാലിന്യ പദ്ധതിയ്ക്ക് വിഹിതം നല്കൽ പ്രോജക്ട് നം. 94/18 | തുക്കൊടിത്താനം ഗ്രാമ പഞ്ചായത്ത് | 1500000 | 24/8.2.18 |
| 2 | തുക്കൊടിത്താനം ഗ്രാ.പ.-പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റിന് ബ്ളോക്ക് വിഹിതം നല്കൽ പ്രോജക്ട് നം.99/18 | തുക്കൊടിത്താനം ഗ്രാമ പഞ്ചായത്ത് | 1000000 | 10/14.11.17 |
| 3 | സാമൂഹ്യ സുരക്ഷാ മിഷന് ബ്ളോക്ക് വിഹിതം നല്കൽ പ്രോജക്ട് നം.116/18 | കേരള സാമൂഹ്യ സുരക്ഷാ മിഷൻ | 405851 | 39/14.3.18 |
| 4 | വെള്ളത്തടം കുടിവെള്ള പദ്ധതി പ്രോജക്ട് നം.97/18 | GWD | 500000 | 11/ 27.11.17 |
| 5 | തുക്കൊടിത്താനംപഞ്ചായത്ത് -മണിമുറി മേച്ചേരി കോളനി പൈപ്പ് ലൈൻ സ്ഥാപിക്കൽ പ്രോജക്ട് നം.111/18 | KWA | 920000 | 42/ 23.3.18 |
| 6 | തുക്കൊടിത്താനം മണിമുറി കുടിവെള്ള പദ്ധതി പ്രോജക്ട് നം.93/18 | KWA | 680000 | 25/ 8.2.18 |
| 7 | മാടപ്പള്ളി പഞ്ചായത്ത്- മാമ്മൂട് ഡിവിഷൻ സ്ട്രീറ്റ് ലൈൻ വലിയ്ക്കൽ പ്രോജക്ട് നം.108/18 | KSEB | 655650 | 43/ 23.3.18 |
| 8 | വാഴപ്പള്ളി പഞ്ചായത്ത് സ്ട്രീറ്റ് ലൈൻ വലിയ്ക്കൽ പ്രോജക്ട് നം.105/18 | KSEB | 499825 | 38/14.3.18 |

| | | | | |
|---|---|---|---|---|
| 9 | മാടപ്പള്ളി പഞ്ചായത്ത് സ്ട്രീറ്റ് ലൈൻ വലിയ്ക്കൽ<br>പ്രോജക്ട് നം.104/18 | KSEB | 438675 | 37/14.3.18 |
| 10 | വാകത്താനം പഞ്ചായത്ത് തോട്ടയ്ക്കാട് ഡിവിഷൻ സ്ട്രീറ്റ് ലൈൻ വലിയ്ക്കൽ<br>പ്രോജക്ട് നം.98/18 | KSEB | 492149 | 35/14.3.18 |
| | ആകെ | | 7092150 | |

വിനിയോഗ വിവരം ലഭ്യമല്ലാത്തതിനാൽ 7092150/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| പ്രോജക്ട് | വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | ചെലവഴിച്ച തുക | ബാക്കിയുള്ള തുക |
|---|---|---|---|---|
| ഐഎവൈ | തൃക്കൊടിത്താനം ഗ്രാമപഞ്ചായത്ത് | 5,00,000 | 70,000 | 3,30,000 |
| ഐഎവൈ | തൃക്കൊടിത്താനം ഗ്രാമപഞ്ചായത്ത് | 9,00,000 | -- | 9,00,000 |
| ഐഎവൈ | കോട്ടയം ജില്ലാപഞ്ചായത്ത് | 14,83,300 | 14,83,300 | -- |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രോജക്ട് നം. പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| GWD | 97/18<br>വെള്ളത്തടം കുടിവെള്ള പദ്ധതി | 11/27.11.17 | 500000 | - | 500000 |
| KWA | 111/18<br>തൃക്കൊടിത്താനംപഞ്ചായത്ത് -മണിമുറി മേച്ചേരി കോളനി പൈപ്പ് ലൈൻ സ്ഥാപിക്കൽ | 42/23.3.18 | 920000 | - | 920000 |

| | | | | | |
|---|---|---|---|---|---|
| KWA | 93/18<br>തൃക്കൊടിത്താനം മണിമുറി കുടിവെള്ള പദ്ധതി | 25/8.2.18 | 680000 | - | 680000 |
| KSEB | 108/18<br>മാടപ്പള്ളി പഞ്ചായത്ത്- മാമ്മൂട് ഡിവിഷൻ സ്ട്രീറ്റ് ലൈൻ വലിയ്ക്കൽ | 43/23.3.18 | 655650 | - | 655650 |
| KSEB | 50/18<br>വാകത്താനം പഞ്ചായത്ത് സ്ട്രീറ്റ് ലൈൻ വലിയ്ക്കൽ | 7/14.11.17 | 700000 | 700000 | 0 |
| KSEB | 53/18<br>വാകത്താനം ഡിവിഷൻ സ്ട്രീറ്റ് ലൈൻ വലിയ്ക്കൽ | 9/14.11.17 | 700000 | 700000 | 0 |
| KSEB | 103/18<br>മാടപ്പള്ളി കോട്ടമുറി ഡിവിഷൻ സ്ട്രീറ്റ് ലൈൻ വലിയ്ക്കൽ | 36/14.3.18 | 500000 | 500000 | 0 |
| KSEB | 105/18<br>വാഴപ്പള്ളി പഞ്ചായത്ത് സ്ട്രീറ്റ് ലൈൻ വലിയ്ക്കൽ | 38/14.3.18 | 499825 | - | 499825 |
| KSEB | 107/18<br>മാടപ്പള്ളി പഞ്ചായത്ത് സ്ട്രീറ്റ് ലൈൻ വലിയ്ക്കൽ | 37/14.3.18 | 438675 | - | 438675 |
| KSEB | 98/18<br>വാകത്താനം പഞ്ചായത്ത് തോട്ടയ്ക്കാട് ഡിവിഷൻ സ്ട്രീറ്റ് ലൈൻ വലിയ്ക്കൽ | 35/14.3.18 | 492149 | - | 492149 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഈയിനത്തിൽ തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ /വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ | ഉത്തരവ് | വായ്പ | വർഷാരംഭത്തിൽ | തൻവർഷം | വർഷാവ |
|---|---|---|---|---|---|

| പേര്/ ഉദ്ദേശ്യം | നമ്പർ/തിയ്യതി | തുക | തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തിരിച്ചടച്ച തുക | | സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | |
|---|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | മുതൽ | പലിശ |
| ഐ.എ.വൈ | സ.ഉ.(എം.എസ്.) | 4875000 | 2875000 | - | - | 2875000 | 1904944 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ ഓഡിറ്റ് വർഷം വരവില്ല.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2007-08 | 3-7 | 2010-11 | 2-14 | കേരള വാട്ടർ അതോറിറ്റിക്ക് തുക നിക്ഷേപിച്ചത് | അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |
| 2012-13, 2013-14 | | 2014-15 | 4.1.5 | എസ്.സി. വനിതാ പരിശീലന കേന്ദ്രം നിഷ്ക്രിയ ആസ്തി | ,, |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 87925723 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 49677615 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |

| | | |
|---|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 7,42,877 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 742877 | ഡോ.ഓമന കെ.കെ.<br>മെഡിക്കൽ ഓഫീസർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ – ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ബാധകമല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1997-98 | നം.എൽ.എഫ്.കെ.പി.15/അദാ/816(13)/18/ 8.5.18 | 4 | |
| 1999-00 | നം.എൽ.എഫ്.കെ.പി.15/അദാ/816(5)/18/ 8.5.18 | 9 | |
| 2001-02 | നം.എൽ.എഫ്.കെ.പി.15/അദാ/816(4)/18/ 8.5.18 | 3 | |
| 2002-03 | നം.എൽ.എഫ്.കെ.പി.3/770/13/30.10.13/ 5.11.13 | 4 | |
| 2003-04 | നം.എൽ.എഫ്.കെ.പി.15/അദാ/816(5)/18/ 8.5.18 | 3 | |

| | | | |
|---|---|---|---|
| | | | |
| 2004-05 | നം.എൽ.എഫ്.കെ.പി.15/അദാ/816(6)/18/ 8.5.18 | 2 | |
| 2006-07 | നം.എൽ.എഫ്.കെ.പി.15/അദാ/816(8)/18/ 8.5.18 | 11 | |
| 2007-08 | നം.എൽ.എഫ്.കെ.പി.3/770/13/31.1.14 | 4 | |
| 2008-09 | നം.എൽ.എഫ്.കെ.പി.15/അദാ/816(9)/18/ 8.5.18 | 2 | |
| 2009-10 | നം.എൽ.എഫ്.കെ.പി.15/അദാ/816(5)/18/ 8.5.18 | 5 | |
| 2010-11 | നം.എൽ.എഫ്.കെ.പി.15/അദാ/816(11)/18/ 8.5.18 | 12 | |
| 2011-12 | നം.എൽ.എഫ്.കെ.പി.15/അദാ/816(12)/18/ 8.5.18 | 2 | |
| 2012-13 | നം.എൽ.എഫ്.കെ.പി.15/അദാ/816(13)/18/ 8.5.18 | 4 | |
| 2013-14 | നം.എൽ.എഫ്.കെ.പി.15/അദാ/816(14)/18/ 8.5.18 | 5 | |
| 2014-15 | നം.എൽ.എഫ്.കെ.പി.15/അദാ/816/18/8.5.18 | 1 | |
| 2015-16 | നം.എൽ.എഫ്.കെ.പി.15/അദാ/816(16)/18/ 8.5.18 | 3 | |
| 2016-17 | നം.കെ.എസ്.കെ.ടി.എം.പി.15/380/18/ 4.4.18 | 11 | |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം

## അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ-കെ.ടി.എം.പി.15/1866/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

ഫോൺ: 04812564886

ഇ-മെയിൽ: doktm.ksad@kerala.gov.in

തീയതി: 29.10.2018

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ മാടപ്പള്ളി ബ്ളോക്ക് പഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മാടപ്പള്ളി ബ്ളോക്ക് പഞ്ചായത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക വരവുചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം